ഉത്തരം

(എ) 1996 മുതൽ 13 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് ട്രെയിനിംഗ് സെന്ററുകളും താൽക്കാലികമായി നിറുത്തിവച്ചിട്ടുണ്ട്.

(ബി) സർക്കാർ നടത്തുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് ട്രെയിനിംഗ് സെന്ററുകളിൽ പഠിച്ച് പുറത്തുവരുന്നവർക്ക് 2 വർഷം സർക്കാരിൽ നിർബന്ധിത സേവനം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ബോണ്ട് വാങ്ങി പരിശീലനം പൂർത്തിയാക്കുന്ന എല്ലാ ജെ.പി.എച്ച്.എൻ. മാർക്കും തൊഴിൽ നൽകാൻ കഴിയുന്നതല്ലാ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് ജെ.പി. എച്ച്.എൻ. സ്കൂളുകൾ താൽക്കാലികമായി നിറുത്തിവച്ചു. ഈ മേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയാത്തതിനാൽ 9 സ്കൂളുകൾ താൽക്കാലികമായി പുനർ വിനിയോഗം ചെയ്യാനും 4 സ്കൂളുകൾ ഉടനടി തുറക്കാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പി.എച്ച്.സികളെകുറിച്ച് പഠിക്കാൻ കമ്മീഷൻ

169 (3098)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പി.എച്ച്.സി കളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഈ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

"തിരുവനന്തപുരം മെഡിക്കൽകോളേജ് ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ രജിസ്ട്രേഷൻ"

170 (3099)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽകോളേജ് ഹോസ്പിറ്റൽ ഡെവലപ്പുമെന്റ് സൊസൈറ്റി, ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി സൈന്റിഫിക്ക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, 1955 അനുസരിച്ച് രജിസ്റ്റർ ചെയ്തതായി (രജി.നമ്പർ 530/95) രേഖകളിലുണ്ടോ;

(ബി) ഈ രജിസ്ട്രേഷൻ ഇതിനു ശേഷം റദ്ദു ചെയ്തോ; അത്തരം തീരുമാനം ബന്ധപ്പെട്ടവർ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ആര് എന്ന് തീരുമാനമെടുത്തു;

(സി) തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രി സൂപ്രണ്ട്, ഹോസ്പിറ്റൽ ഡെവലപ്പുമെന്റ് സൊസൈറ്റി ജീവനക്കാർക്ക് പി.എഫ് അനുവദിക്കുന്നത് സംബന്ധിച്ച് ഇ.പി.എഫ് അപ്പലേറ്റ് ട്രിബൂണലിൽ നൽകിയ അപ്പീലിൽ 1.4.1997-ന് ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ

LIBRARY ARCHIVES Kerala Legislative Assembly

ഡെവലപ്പ്മെന്റ് സൊസൈറ്റി ചാരിറ്റബിൾ സൊസൈറ്റി അല്ലായെന്ന് പറഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ രജിസ്ട്രേഷൻ റദ്ദുചെയ്യാതെ ചാരിറ്റബിൾ സൊസൈറ്റി അല്ല എന്നു പറഞ്ഞത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രൊവിഡന്റ് ഫണ്ട് ട്രൈബ്യൂണലിന് നൽകിയ അപ്പീലിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് കളവ് പറഞ്ഞിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ രജിസ്ട്രേഷൻ റദ്ദു ചെയ്തിട്ടില്ല. എന്നാൽ സർക്കാർ ഉത്തരവ് 132/97/ആ.കു.വ.തീയതി 8.4.97 പ്രകാരം സംസ്ഥാനത്തുള്ള എല്ലാ ആശുപത്രി വികസന കമ്മിറ്റികളും സൊസൈറ്റികളും പുനഃസംഘടിക്കപ്പെട്ടിട്ടുണ്ട്.

(സി)-(ഇ) അപ്രകാരം പറഞ്ഞിട്ടില്ല. എന്നാൽ 1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സൊസൈറ്റിയായി രജിസ്റ്റർ ചെയ്തുവെങ്കിലും 8.4.97-ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാകളക്ടർ സൊസൈറ്റി പുനഃസംഘടിപ്പിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി തിരുവനന്തപുരം കളക്ടർ ചെയർമാനായും മെഡിക്കൽ കോളേജ് സൂപ്രണ്ട് സെക്രട്ടറിയായും ആശുപത്രി വികസന സൊസൈറ്റി പ്രവർത്തിക്കുന്നു എന്നും അപ്പീലിൽ പറഞ്ഞിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ നഴ്സിംഗ് ട്രെയിനിംഗ് സെന്ററുകൾ

171 (3100)ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ഇപ്പോൾ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സസ് ട്രെയിനിംഗ് സെന്ററുകൾ ഉണ്ട്;

(ബി) മലപ്പുറം ജില്ലയിൽ നിലവിലുള്ള സെന്റർ നിറുത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണമെന്ത്;

(സി) ജില്ലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് ഈ സെന്റർ ഇവിടെത്തന്നെ നിലനിർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് (2 സ്കൂളുകൾ) വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സസ് ട്രെയിനിംഗ് സെന്ററുകൾ ഉള്ളത്.

(ബി) &(സി) സർക്കാർ നടത്തുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സ്കൂളുകളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികളുടെ രൂക്ഷമായ

LIBRARY ARCHIVES Kerala Legislative Assembly